# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 4      30.11.2015-ൽ മറുപടിക്ക്

### മത - ജാതി വർഗീയശക്തികളുടെ ഭീഷണി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ. കെ. ലതിക<br>ശ്രീ. ജെയിംസ് മാത്യു<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. എസ്. രാജേന്ദ്രൻ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് മത വർഗ്ഗീയതയും ജാതി വർഗ്ഗീയതയും ആളിപ്പടർത്തുന്നതിന് ചില ശക്തികൾ ബോധപൂർവ്വമായ ശ്രമങ്ങൾ നടത്തി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് മത വർഗ്ഗീയതയും ജാതി വർഗ്ഗീയതയും ആളിപ്പടർത്തുന്നതിന് ചില ശക്തികൾ ബോധപൂർവ്വമായ ശ്രമങ്ങൾ ചില സ്ഥലങ്ങളിൽ ചില സമയങ്ങളിൽ നടത്തി വരുന്നതായുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കേരളം നേരിടുന്ന വർഗീയ ഭീഷണിയെ ചെറുക്കാനും മത നിരപേക്ഷതാ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനും സർക്കാർ തയ്യാറാകുമോ? | (ബി) സംസ്ഥാനത്ത് വർഗീയ ഭീഷണി മുതലായവ ഉയർന്ന് വന്നാൽ അതിനെ ചെറുക്കാനും, മത നിരപേക്ഷതാമൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനും സർക്കാർ സദാ തയ്യാറാണ്. നാടിനും ജനങ്ങൾക്കും ഭീഷണിയുണ്ടാകുന്ന പ്രവൃത്തികൾ തടയുന്നതിനും, സമാധാനം ഉറപ്പാക്കുന്നതിനും വേണ്ടി സംസ്ഥാന ഇന്റലിജൻസിന്റെ സഹായത്തോടുകൂടി പോലീസ് സേന ജാഗരൂകരായി പ്രവർത്തിക്കുന്നു. ജാതി മത വർഗ്ഗീയ സംഘർഷങ്ങളും വർഗ്ഗീയ ഭീഷണികളും ഒഴിവാക്കുന്നതിനായി ഇത്തരത്തിലുള്ള ചെറിയ നീക്കങ്ങൾ പോലും വേരോടെ പിഴുതെറിയുന്നതിന് നിലവിലുള്ള നിയമ വ്യവസ്ഥകൾ അനുസരിച്ച് പോലീസ് പ്രവർത്തിച്ചു വരുന്നു. കൂടാതെ ജനമൈത്രി, കടലോര ജാഗ്രതാ സമിതി, എസ്. പി. സി. തുടങ്ങിയ പദ്ധതികളിലൂടെ, |

ജനങ്ങൾക്കിടയിൽ മതസ്പർദ്ധയും, വൈരവും ഉണ്ടാക്കി നാട്ടിൽ അരാജകത്വം സൃഷ്ടിക്കുന്നതിനെതിരെ ജാഗ്രതാ നിർദ്ദേശങ്ങൾ നൽകിയും സമൂഹത്തിൽ നിലവിലുള്ള മതമൈത്രി കാത്തുസൂക്ഷിക്കുന്നതിനും സാഹോദര്യം നിലനിർത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ